ഉപഭോക്തൃ തർക്ക പരിഹാര ഫോറം

250(3175) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റ് , അംഗങ്ങൾ എന്നിവരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അവർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന വേതനം മറ്റ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും അവർക്ക് അനുവദിച്ചിട്ടുള്ള വേതനം മറ്റ് ആനുകൂല്യങ്ങൾ എന്നിവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഫോറം പ്രസിഡന്റിനും അംഗങ്ങൾക്കും നിയമനത്തിന് തുല്യയോഗ്യതകളാണോ സ്വീകരിക്കുന്നത് ;

(ഡി) ആണെങ്കിൽ ഒരേ ജോലി ചെയ്യുന്നവർക്ക് വേതനത്തിലുള്ള ഭീമമായ അന്തരം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഇ) നിയമിതരാകുന്നവർക്ക് കാലാവധിക്ക് ശേഷം ജില്ലാ കോടതികളിലും കീഴ്കോടതികളിലും പ്രാക്ടീസ് ചെയ്യാൻ പാടില്ല എന്ന തീരുമാനമോ ഉത്തരവുകളോ ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(എഫ്) കാലാവധി പൂർത്തിയാക്കിയ അംഗങ്ങൾക്ക് പെൻഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ജി) ജില്ലാ ഫോറത്തിലെ അംഗങ്ങൾക്ക് വേതന വർദ്ധനവിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ ദേശീയ ഉപഭോക്തൃ ഫോറം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഹൈക്കോടതി ജഡ്ജിയായിരിക്കുന്നതോ ആയിരുന്നതോ ആയവരെയാണ് സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് നിയമിക്കുന്നത്. ഇതിനുപുറമേ ഒരു ജുഡീഷ്യൽ മെമ്പറും ഒരു വനിത ഉൾപ്പെടെ മൂന്ന് മെമ്പർമാരുമാണ് സംസ്ഥാന കമ്മീഷനിൽ ഉള്ളത്. ജുഡീഷ്യൽ മെമ്പർക്ക് ജില്ലാതല കോടതികളിലോ ട്രൈബ്യൂണലിലോ 10 വർഷത്തിൽ കുറയാതെ പ്രീസൈഡിംഗ് ഓഫീസറായി സേവനമനുഷ്ഠിച്ചുള്ള പരിചയം അനിവാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ ഉപഭോക്തൃ ഫോറങ്ങളിൽ ജില്ലാ ജഡ്ജിയെയോ, സമാന യോഗ്യതയുള്ളവരെയോ പ്രസിഡന്റുമാരായി നിയമിക്കുന്നു. സംസ്ഥാന കമ്മീഷനിലും, ഫോറങ്ങളിലും മെമ്പർമാരായി നിയമിക്കപ്പെടുന്നവർക്ക് 35 വയസ്സ് തികയുകയും അംഗീകൃത യൂണിവേഴ്സിറ്റി ബിരുദം, സാമൂഹിക, സാമ്പത്തിക, വ്യാവസായിക മേഖലകളിൽ ഏതിലെങ്കിലും 10 വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയം എന്നിവ പൊതുയോഗ്യതയായി കണക്കാക്കുന്നു.

സംസ്ഥാന കമ്മീഷൻ പ്രസിഡന്റിന്റേയും, ജുഡീഷ്യൽ മെമ്പറുടെയും, മറ്റംഗങ്ങളുടേയും ജില്ലാ ഫോറം പ്രസിഡന്റുമാരുടേയും മെമ്പർമാരുടേയും വേതനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

തസ്തിക	ശമ്പളം	ഡി എ	എച്ച് ആർ എ	സി സി എ	സ്പെഷ്യൽ അലവൻസ്	ആകെ
പ്രസിഡന്റ് (സംസ്ഥാന കമ്മീഷൻ)	40,000	80,000	24,000	180	12,000	1,56,180
ജുഡീഷ്യൽ മെമ്പർ (സംസ്ഥാന കമ്മീഷൻ)	37,455	74,910	1,680	350	4,100	1,18,495
മെമ്പർ (സംസ്ഥാന കമ്മീഷൻ)	28,500	-	-	-	8,500	37,000
പ്രസിഡന്റ് (ജില്ലാ ഫോറം)	51,550	55,159	1,680	350	4,100	1,12,839
മെമ്പർ (ജില്ലാ ഫോറം)	23,500	-	-	-	8,500	32,000

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) 1986-ലെ ഉപഭോക്തൃ സംരക്ഷണനിയമം വകുപ്പ് 10 (1) (a)(b) ഫോറം പ്രസിഡന്റിനും അംഗങ്ങൾക്കും വ്യത്യസ്ത യോഗ്യതാ മാനദണ്ഡങ്ങളാണ് അനുശാസിക്കുന്നത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മാർച്ച് 2013-ൽ പാസ്സാക്കിയ പ്രമേയത്തിൽ ഉപഭോക്തൃഫോറം അംഗങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ഡയറക്ടർക്ക് തുല്യമായ വേതനം അനുവദിക്കണമെന്നും ആയത് തീരുമാനമാകും വരെ ആന്ധ്രാപ്രദേശ്, കേരള, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലെ രീതി പിൻതുടർന്നാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ

251(3176) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഉപഭോക്തൃ ഫോറങ്ങളിൽ എത്തുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പരാതികളിൽ നിശ്ചിത സമയത്തിനകം തീർപ്പുകൽപ്പിക്കുന്നതിനു വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 1986-ലെ ഉപഭോക്തൃസംരക്ഷണ നിയമപ്രകാരം ഉപഭോക്താവിനുള്ള പരാതിക്ക് പരിഹാരം തേടുന്നതിന് എല്ലാ ജില്ലകളിലും ഓരോ ഉപഭോക്തൃ തർക്ക പരിഹാര ഫോറവും സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര

LIBRARY ARCHIVES Kerala Legislative Assembly